**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4870** **4.7.2012 ൽ മറുപടിയ്ക്ക്**

**ജനസമ്പർക്ക പരിപാടികളിൽ ലഭിച്ച ഹർജികളുടെ തീർപ്പാക്കൽ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജയിംസ് മാത്യൂ<br>പ്രൊഫ. സി.രവീന്ദ്രനാഥ്<br>ശ്രീ. എ. പ്രദീപ്കുമാർ<br>ശ്രീ. എം. ഹംസ | ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | ജനസമ്പർക്ക പരിപാടികളിൽ ലഭിച്ച ഹർജികളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയിൽ തീരുമാനം എടുക്കാൻ വീണ്ടും പരിപാടി സംഘടിപ്പിക്കാൻ ഉദ്ദേശമുണ്ടോ; | (എ) | ജനസമ്പർക്ക പരിപാടികളിൽ ലഭിച്ച പരാതികൾ ജില്ലാതലത്തിൽ അവലോകനം നടത്തുകയും നിയമപരമായി പരിഹരിക്കാൻ കഴിയുന്ന പരാതികൾ പരിഹരിക്കുന്നതിന് ജില്ലാതല ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ജനസമ്പർക്ക പരിപാടിയുടെ ഭാഗമായി എന്തെല്ലാം നിലയിലുള്ള പ്രശ്നങ്ങളിലാണ് ഉത്തരവുകൾ നൽകേണ്ടതായി വന്നിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തിയും, ബി.പി.എൽ. ലിസ്റ്റ് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുനർനിശ്ചയിച്ചുകൊണ്ടും, സ്ഥിരമായ അംഗവൈകല്യമുള്ളവർക്ക് കെ.എസ്.ആർ.ടി.സി. ബസ്സിൽ യാത്രാ ആനുകൂല്യം ലഭിക്കുന്നതിന് ഓരോ വർഷവും സർട്ടിഫിക്കറ്റും പാസ്സും പുതുക്കുന്ന രീതി അവസാനിപ്പിക്കുവാനും ഇതിലേക്കായി ഒറ്റ പ്രാവശ്യം പാസ്സ് നൽകിയാൽ മതിയെന്നും കെ.എസ്.ആർ.ടി.സി.യ്ക്ക് നിർദ്ദേശം നൽകികൊണ്ടും, സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ കെട്ടിടങ്ങളിൽ അംഗവൈകല്യമുള്ളവർക്ക് സുഗമമായി പ്രവേശിക്കുന്നതിനുള്ള സൗകര്യങ്ങളും പ്രത്യേക ടോയിലറ്റ് സൗകര്യങ്ങളും ഏർപ്പെടുത്തുന്നത് നിർബന്ധമാക്കിക്കൊണ്ടും, നാഷണൽ ബെനഫിറ്റ് സ്കീം അനുസരിച്ച് ലഭ്യമായിട്ടുള്ള മുഴുവൻ അപേക്ഷകളിലും അടിയന്തിരമായി തീരുമാനം എടുക്കാൻ ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിക്കൊണ്ടും, കെട്ടിട നിർമ്മാണ |

ചട്ടങ്ങളും നിയമങ്ങളും ലംഘിക്കപ്പെടുന്ന 100 ച.മീറ്റർ വരെയുള്ള വീടുകൾക്ക് താല്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള അധികാരം പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷനുകൾക്ക് നൽകിക്കൊണ്ടും, എംപ്ലോയ്മെന്റ് എക്സ് ചേഞ്ചുകളിൽ 1.1.1993 മുതൽ 31.5.2012 വരെയുള്ള കാലയളവിൽ റദ്ദായ രജിസ്ട്രേഷൻ പുതുക്കുന്നതിന് അവസരം നൽകിക്കൊണ്ടും സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

എല്ലാവർക്കും ഭൂമി എല്ലാവർക്കും വീട് എന്ന സമഗ്ര ഭവന നിർമ്മാണ പുനരധിവാസ പദ്ധതിക്ക് രൂപം നൽകുന്നതിനായി മന്ത്രിസഭ ഉപസമിതിയും രൂപീകരിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | ഇവ നൽകിവന്നിരുന്ന സർക്കാരിന്റെ വ്യവസ്ഥാപിത സംവിധാനങ്ങളൊന്നും ഇപ്പോൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | വ്യവസ്ഥാപിത സംവിധാനങ്ങളിലൂടെ അർഹതപ്പെട്ടവർക്ക് യഥാസമയം ആനുകൂല്യങ്ങൾ നൽകാൻ ഇപ്പോൾ സാധിക്കാതിരിക്കുന്നത് എന്തുകൊണ്ടാണ്; വിശദമാക്കുമോ; | (ഡി) & (ഇ) | അർഹതപ്പെട്ടവർക്ക് ആനുകൂല്യങ്ങൾ നൽകുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. |
| (ഇ) | ഇത്തരം സംവിധാനങ്ങൾ ഇപ്പോൾ കുറ്റമറ്റനിലയിൽ പ്രവർത്തിപ്പിക്കാൻ കഴിയാത്തത് എന്തുകൊണ്ടാണ്; വിശദമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ